REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ലഖ്നൗവിൽ നിർമിച്ച രാഷ്ട്ര പ്രേരണ സ്ഥൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **ലോകമെമ്പാടും ക്രൈസ്തവ വിശ്വാസികൾ ഇന്ന് ക്രിസ്മസ് ആഘോഷിക്കുന്നു.**
- **ജനങ്ങൾക്ക് ആശംസ നേർന്ന് രാഷ്ട്രപതിയും കേരള ഗവർണറും മുഖ്യമന്ത്രിയും**
- **രാജ്യത്ത് മലേറിയ കേസുകൾ 80 ശതമാനത്തിലധികവും മരണസംഖ്യ 78 ശതമാനവും കുറഞ്ഞുവെന്ന് കേന്ദ്ര മന്ത്രി JP നദ്ദ.**
- **ട്വന്റി-20 ലോക ചാമ്പ്യന്മാരായ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന് തിരുവനന്തപുരത്ത് ഊഷ്മള വരവേൽപ്പ്.**

## വാർത്തകൾ വിശദമായി

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഉത്തർപ്രദേശിലെ ലഖ്നൗവിൽ നിർമിച്ച രാഷ്ട്ര പ്രേരണ സ്ഥൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. ഉച്ച കഴിഞ്ഞ് നടക്കുന്ന ചടങ്ങിൽ സ്മാരകം രാജ്യത്തിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി, തുടർന്ന് അവിടെ നടക്കുന്ന പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്.........

സ്വതന്ത്ര ഇന്ത്യയിലെ മഹദ്വ്യക്തികളുടെ പൈതൃകം ആദരിക്കുക എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന് അനുസൃതമായാണ് രാഷ്ട്ര പ്രേരണ സ്ഥൽ നിർമിച്ചിരിക്കുന്നത്. ഇന്ത്യയുടെ ജനാധിപത്യ, രാഷ്ട്രീയ, വികസന യാത്രകളിൽ വലിയ സ്വാധീനം ചെലുത്തിയ അടൽ ബിഹാരി വാജ്പേയിയുടെ ജീവിതത്തിനും ആദർശങ്ങൾക്കും പൈതൃകത്തിനുമുള്ള ആദരമായാണ് ഈ ദേശീയ സ്മാരകം നിലകൊള്ളുക. ഏകദേശം 230 കോടി രൂപ ചിലവിൽ 65 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന ഈ സമുച്ചയം നേതൃത്വ മൂല്യങ്ങൾ, സേവന താൽപ്പര്യം, സാംസ്കാരിക ബോധം എന്നിവ വളർത്തുന്നതിനുള്ള ഒരു ദേശീയ ആസ്തിയായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഡോ. ശ്യാമ പ്രസാദ് മുഖർജി, പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ, അടൽ ബിഹാരി വാജ്പേയി എന്നിവരുടെ 65 അടി ഉയരമുള്ള വെങ്കല പ്രതിമകളാണ് ഈ സമുച്ചയത്തിന്റെ പ്രധാന ആകർഷണം.താമരയുടെ ആകൃതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന അത്യാധുനിക മ്യൂസിയവും സമുച്ചയത്തിലുണ്ട്. ഏകദേശം 98,000 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന മ്യൂസിയത്തിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇന്ത്യയുടെ ദേശീയ യാത്രയും നേതാക്കളുടെ സംഭാവനകളും പ്രദർശിപ്പിച്ചിരിക്കുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകുന്ന മേയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ വിജയം അംഗീകരിച്ച ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്ക് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് നന്ദി അറിയിച്ചു. പ്രധാനമന്ത്രിയുടെ കാഴ്ചപ്പാട് ഗവൺമെന്റ് നടപ്പിലാക്കുന്നതിലൂടെ ഇന്ത്യ ഒരു ഉൽപ്പാദന സമ്പദ്വ്യവസ്ഥയായി മാറിക്കൊണ്ടിരിക്കുകയാണെന്ന് അശ്വിനി വൈഷ്ണവ് സമൂഹ മാധ്യമത്തിൽ കുറിച്ചു. രാഹുൽ ഗാന്ധിയുടെ പോസ്റ്റ് പങ്കുവെച്ചുകൊണ്ടായിരുന്നു കേന്ദ്രമന്ത്രിയുടെ പ്രതികരണം.

✪✪✪

ലോകമെമ്പാടുമുള്ള ക്രൈസ്തവ വിശ്വാസികൾ ഇന്ന് ക്രിസ്മസ് ആഘോഷിക്കുന്നു. ഉണ്ണിയേശുവിന്റെ തിരുപ്പിറവിയുടെ സ്മരണ പുതുക്കി സ്നേഹത്തിന്റെയും പ്രത്യാശയുടെയും സന്ദേശവുമായാണ് ഓരോ വർഷവും ക്രിസ്മസ് എത്തുന്നത്.

ഡെസ്ക് റിപ്പോർട്ട്

<VOICE>

ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ഉണ്ണിയേശു പിറന്ന ദിനമാണ് ക്രിസ്മസ് ദിനം. ഡിസംബർ ഒന്നുമുതൽ മത്സ്യമാംസാദികൾ വർജിച്ച വ്രതാനുഷ്ഠാനത്തിന്റെ പൂർത്തീകരണം കൂടിയാണ് ക്രിസ്മസ്. വീടുകളിൽ പുൽക്കൂടുകളും നക്ഷത്രങ്ങളും ക്രിസ്മസ് ട്രീയും ഒരുക്കിയും കേക്ക് മുറിച്ചുമാണ് ആഘോഷങ്ങൾ. ക്രിസ്മസിന്റെ സന്ദേശങ്ങളുമായി ഇന്നലെ രാത്രി നാടെങ്ങും കരോൾ സംഘങ്ങൾ വീടുതോറും കയറിയിറങ്ങി. പള്ളികളും വീഥികളും വീടുകളും ദീപങ്ങളാൽ അലങ്കരിച്ചു.

സംസ്ഥാനത്തെ വിവിധ ദേവാലയങ്ങളിൽ ഇന്നലെ രാത്രി പ്രത്യേക പ്രാർത്ഥനകളും പാതിരാകുർബാനകളും നടന്നു. സ്നേഹവും കരുണയും ജീവിതത്തിൽ പകർത്തണമെന്ന് സഭാ തലവന്മാർ വിശ്വാസികളെ ഓർമിപ്പിച്ചു. ക്രിസ്മസ് ദിന പ്രത്യേക പ്രാർത്ഥനകളും ചടങ്ങുകളും രാവിലെയും തുടരും.

കുടുംബങ്ങൾ ഒത്തുചേർന്നും സൗഹൃദങ്ങൾ പുതുക്കിയും രുചിക്കൂട്ടുകൾ പങ്കുവെച്ചും സ്നേഹത്തിന്റെ ആഘോഷം പകൽ മുഴുവൻ തുടരും. വിവിധ ക്ലബ്ബുകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ കരോൾ മത്സരങ്ങളും കലാപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് മദർ ഓഫ് കത്തീഡ്രലിൽ തിരുപിറവി കർമ്മങ്ങൾക്ക് കോഴിക്കോട് അതിരൂപത ആർച്ച്ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ മുഖ്യ കാർമികത്വം വഹിച്ചു. കോഴിക്കോട് രൂപതയെ അതിരൂപതയായി ഉയർത്തിയ ശേഷമുള്ള ആദ്യ ക്രിസ്മസ് ആഘോഷം ഇരട്ടിമധുരമാണെന്ന് അദ്ദേഹം പറഞ്ഞു.

താമരശേരി മേരി മാതാ കത്തിഡ്രലിൽ തിരുപിറവി കർമ്മങ്ങൾക്ക് രൂപത ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയൽ കാർമ്മികത്വം വഹിച്ചു.

✪✪✪

കണ്ണൂർ ബർണശ്ശേരി ഹോളി ട്രിനിറ്റി ദേവാലയത്തിൽ പാതിരാ കുർബാനയ്ക്ക് ബിഷപ്പ് ഡോ.അലക്സ് വടക്കുംതല നേതൃത്വം നൽകി.

തലശ്ശേരി സെന്റ് ജോസഫ് ദേവാലയത്തിൽ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ നേതൃത്വത്തിലാണ് ചടങ്ങുകൾ നടന്നത്.

✪✪✪

ചങ്ങനാശേരി അതിരൂപതയുടെ കീഴിലെ തിരുവനന്തപുരം ലൂർദ് ഫൊറോനാ പള്ളിയിൽ തിരുപ്പിറവി ആഘോഷം നടന്നു. വെരി റവറന്റ്ഫാദർ ഡോ. ജോൺ തെക്കേക്കര തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു, കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ജനങ്ങൾക്ക് ക്രിസ്മസ് ആശംസകൾ നേർന്നു.

സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശം നൽകുന്ന ഉത്സവമാണ് ക്രിസ്മസ് എന്ന് രാഷ്ട്രപതി പറഞ്ഞു. ക്രിസ്തുവിന്റെ പാത പിന്തുടർന്ന് ദയയും പരസ്പര ഐക്യവും പ്രോത്സാഹിപ്പിക്കുന്ന സമൂഹം കെട്ടിപ്പടുക്കാനായി പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി അഭ്യർത്ഥിച്ചു.

നീതി, സൗഹാർദ്ദം, സഹോദര്യം എന്നിവ ഊട്ടി ഉറപ്പിക്കാൻ ക്രിസ്മസ് ആഘോഷങ്ങൾ സഹായിക്കട്ടെയെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആശംസിച്ചു.

സാഹോദര്യത്തിന്റെയും പങ്കുവെക്കലിന്റെയും പുത്തൻ പ്രതീക്ഷയുടെയും ആഘോഷമാണ് ക്രിസ്മസ് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ലോകത്തിന് ശാന്തിയും സമാധാനവും ആശംസിച്ചു കൊണ്ടാണ് ക്രിസ്മസ് ആഘോഷിക്കുന്നതെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ക്രിസ്മസ് - പുതുവത്സര ആഘോഷങ്ങൾക്കായി പൊതുജനങ്ങൾക്ക് പ്രത്യേക വേദിയൊരുക്കി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം. ചാക്കയിലെ രാജ്യാന്തര ടെർമിനലിന്റെ മുൻവശത്തെ മൈതാനത്ത് സജ്ജമാക്കിയ വിന്റർഫെസ്റ്റ് ആന്റണി രാജു MLA ഉദ്ഘാടനം ചെയ്തു.

✪✪✪

രാജ്യത്ത് മലേറിയ കേസുകൾ 80 ശതമാനത്തിലധികവും മരണസംഖ്യ 78 ശതമാനവും കുറഞ്ഞുവെന്ന് കേന്ദ്ര മന്ത്രി JP നദ്ദ പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന അഡ്വാൻസിംഗ് പബ്ലിക് ഹെൽത്ത് ഔട്ട്കംസ് ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

30,000-ത്തിലധികം ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെന്ന് നദ്ദ പറഞ്ഞു.

✪✪✪

സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ അംഗീകൃത മൂലധനം നിലവിലെ 15 കോടി രൂപയിൽ നിന്ന് 30 കോടി രൂപയായി വർദ്ധിപ്പിക്കാൻ സംസ്ഥാന മന്ത്രി സഭായോഗ തീരുമാനം. കേരള സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് സ്കീം 2025 ന്റെ കരട് മന്ത്രിസഭയോഗം അംഗീകരിച്ചു. കേരളാ പോലീസ് ഫിംഗർ പ്രിന്റ് ബ്യൂറോയിൽ 3 ഫിംഗർ പ്രിന്റ് എക്സ്പർട്ട് തസ്തികകൾ സൃഷ്ടിക്കും. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാനും യോഗം തീരുമാനിച്ചു.

✪✪✪

അടൽ സ്മൃതി ന്യാസ് സൊസൈറ്റിയുടെ പ്രസിഡന്റായി മുൻ ഉപരാഷ്ട്രപതി M വെങ്കയ്യനായിഡുവിനെ തെരഞ്ഞെടുത്തു. അടുത്തിടെ അന്തരിച്ച വിജയകുമാർ മൽഹോത്രയ്ക്ക് പകരമാണ് നിയമനം. ന്യൂഡൽഹിയിൽ വെങ്കയ്യ നായിഡുവിന്റെ ഔദ്യോഗിക വസതിയിൽ ചേർന്ന യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ സൊസൈറ്റിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ചാണ് സൊസൈറ്റി സ്ഥാപകാംഗം രാം ബഹദൂർ റായ് വെങ്കയ്യ നായിഡുവിന്റെ പേര് നിർദേശിച്ചത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്.

മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

✪✪✪

ഇന്ത്യൻ പുരുഷ ഹോക്കി ടീം വൈസ് ക്യാപ്റ്റൻ ഹാർദിക് സിംഗിനെ രാജ്യത്തെ ഏറ്റവും ഉയർന്ന കായിക ബഹുമതിയായ മേജർ ധ്യാൻചന്ദ് ഖേൽത്ന പുരസ്കാരത്തിന് നാമനിർദേശം ചെയ്തു. രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവാണ് ഹാർദിക് സിംഗ്. യോഗാസന അത്‌ലറ്റ് ആരതിപാൽ ഉൾപ്പെടെ 24 കായിക താരങ്ങളെ അർജുന അവാർഡിനും ശുപാർശ ചെയ്തു. റൈഫിൾ ഷൂട്ടർ മെഹുലിഘോഷ്, ജിംനാസ്റ്റ് പ്രണതിനായക്, ഒന്നാറാംങ്ക് വനിതാ ബാഡ്മിന്റൺ ജോഡിയായ ട്രീസ ജോളി, ഗായത്രി ഗോപിചന്ദ് എന്നിവരും ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ വൈസ് പ്രസിഡന്റ് ഗഗൻനരംഗ്, മുൻ ഹോക്കി താരം എം എം സോമയ, മുൻ ബാഡ്മിന്റൺ താരം അപർണ പോപ്പട്ട് എന്നിവരടങ്ങുന്ന സെലക്ഷൻ പാനലാണ് ദേശീയ കായിക അവാർഡുകൾക്ക് നാമനിർദേശം സമർപ്പിച്ചത്.

✪✪✪

ട്വന്റി-20 ലോക ചാമ്പ്യന്മാരായ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന് തിരുവനന്തപുരത്ത് ഊഷ്മള വരവേൽപ്പ് നൽകി. കേരള ക്രിക്കറ്റ് അസോസിയേഷന്റെ നേതൃത്വത്തിലായിരുന്നു സ്വീകരണം.

ഇന്ത്യ - ശ്രീലങ്ക T-20 പരമ്പരയ്ക്കായാണ് ടീം തിരുവനന്തപുരത്ത് എത്തിയത്. നാളെയും 28, 30 തീയതികളിലും കാര്യവട്ടം സ്പോർട്സ് ഹബ് ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

വിശാഖപട്ടണത്ത് നടന്ന ആദ്യ രണ്ട് മത്സരങ്ങളിലും ഇന്ത്യക്കായിരുന്നു ജയം. ഒരു മത്സരം കൂടി ജയിച്ചാൽ ഇന്ത്യയ്ക്ക് പരമ്പര സ്വന്തമാക്കാം.

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് അഞ്ചാം പതിപ്പിന്റെ പ്രചാരണാർഥം സംഘടിപ്പിക്കുന്ന സൈക്ലിങ് ഇന്ന് നടത്തും. കോഴിക്കോട് ബീച്ചിൽ നിന്ന് ആരംഭിക്കുന്ന സൈക്ലിങ് സംഘത്തെ ബേപ്പൂരിൽ ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ നേതൃത്വത്തിൽ സ്വീകരിക്കും.

വാട്ടർ ഫെസ്റ്റിന്റെ മുന്നോടിയായി ബേപ്പൂരിൽ ഇന്ന് ജനകീയ ശുചീകരണം നടക്കും. ഭക്ഷ്യമേളയ്ക്ക് പാരിസൺസ് ഗ്രൗണ്ടിലും തുടക്കമാകും.

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിന്റെ പ്രചാരണാർഥം സംഘടിപ്പിച്ച ബീച്ച് ഫുട്ബോളിൽ വനിതാ വിഭാഗത്തിൽ ദേവഗിരി സെന്റ് ജോസഫ് കോളേജും പുരുഷ വിഭാഗത്തിൽ ബേപ്പൂർ YBS ഉം ജേതാക്കളായി.

✪✪✪

കണ്ണൂർ മാങ്ങാട്ടുപറമ്പ് KAP നാലാം ബറ്റാലിയൻ കമൻഡാൻറും സന്തോഷ് ട്രോഫി ഫുട്ബോൾ താരവുമായ എ. ശ്രീനിവാസൻ അന്തരിച്ചു. 53 വയസ്സായിരുന്നു. മംഗളൂരുവിൽ ചികിത്സയിലിരിക്കെ ഇന്നലെ വൈകീട്ടായിരുന്നു അന്ത്യം.

1991-ൽ കോയമ്പത്തൂരിൽ നടന്ന സന്തോഷ് ട്രോഫി ടൂർണമെന്റിൽ കേരള ടീം അംഗമായിരുന്നു. 1992-ൽ എറണാകുളത്ത് നടന്ന സന്തോഷ് ട്രോഫിയിൽ കേരള ടീമിനുവേണ്ടി ആദ്യമായി ബൂട്ടണിഞ്ഞു. 1992-ൽ സാഫ് ഗെയിംസിലും പങ്കെടുത്തു.

മൃതദേഹം ഇന്ന് രാവിലെ 10 മണിക്ക് KAP നാലാം ബറ്റാലി യൻ ആസ്ഥാനത്ത് പൊതുദർ ശനത്തിന് വെക്കും. തുടർന്ന് കണ്ണൂർ കൊറ്റാളിയിലെ സമുദായ ശ്മശാനത്തിൽ സംസ്കരിക്കും.

✪✪✪

ശാരീരികവും ബുദ്ധിപരവുമായ പരിമിതികൾ നേരിടുന്ന കുട്ടികൾക്കായി മേപ്പയൂരിൽ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ സംഘടിപ്പിച്ച ബഡ്സ് ഒളിമ്പിയ കായികമേളയിൽ 104 പോയിന്റോടെ വാണിമേൽ ബഡ്സ് ഓവറോൾ ചാമ്പ്യന്മാരായി. 76 പോയിന്റോടെ മാവൂർ ബഡ്സ് സ്കൂൾ രണ്ടും 29 പോയിന്റോടെ പുതുപ്പാടി ബഡ്സ് സ്കൂൾ മൂന്നും സ്ഥാനം നേടി.

✪✪✪

തൃശ്ശൂർ കോർപ്പറേഷൻ മേയറെ ഇന്ന് പ്രഖ്യാപിച്ചേക്കും. ഇതിനായി തൃശൂർ DCC-യിൽ രാവിലെ 11 മണിക് യോഗം ചേരും.

ഡോ. നിജി ജസ്റ്റിൻ, ലാലി ജെയിംസ്, സുബി ബാബു എന്നിവർ ആണ് പരിഗണനയിൽ ഉള്ളത്. ടേം വ്യവസ്ഥ നടപ്പാക്കാൻ നേരത്തെ ധാരണയായിരുന്നു.

✪✪✪

കേരള സ്റ്റാർട്ടപ്പ് മിഷൻ കാസർകോട് LBS എൻജിനീയറിംഗ് കോളേജിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലുമായി സംഘടിപ്പിച്ച IEDC സമ്മിറ്റ് 2025-ൽ നാസ സ്പേസ് ആപ്സ് ചലഞ്ച് വിജയികൾക്ക് പുരസ്കാരങ്ങൾ വിതരണം ചെയ്തു.

കൊച്ചി രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെയും, പാലാ സെന്റ് ജോസഫ്സ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെയും ടീമുകളാണ് ആഗോളതലത്തിൽ ഫൈനലിസ്റ്റുകളായത്. ഇതാദ്യമായാണ് കേരളത്തിൽ നിന്ന് രണ്ട് ടീമുകൾ മികച്ച 45 ഗ്ലോബൽ ഫൈനലിസ്റ്റുകളിൽ ഇടം നേടുന്നത്.

✪✪✪

സംസ്ഥാനത്ത് പുതിയ വ്യക്തിഗത രേഖ നടപ്പാക്കുമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രഖ്യാപനം അപകടകരമായ വിഘടനവാദ രാഷ്ട്രീയത്തിന്റെ ഉദാഹരണമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കേരളത്തിലെ ജനങ്ങൾക്ക് പ്രത്യേക തിരിച്ചറിയൽ രേഖ നൽകാനുള്ള നീക്കത്തെ നിയമപരമായി പ്രതിരോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഡൽഹി ചുവപ്പുകോട്ട സ്ഫോടനക്കേസിൽ പ്രതികളായ ഏഴുപേരുടെ ജുഡീഷ്യൽ കസ്റ്റഡി ഡൽഹി കോടതി 15 ദിവസത്തേക്ക് കൂടി നീട്ടി. ഇന്നലെ പാട്യാല ഹൗസ് കോടതിയിൽ ഹാജരാക്കിയ പ്രതികളെ ജനുവരി 8 വരെ റിമാൻഡ് ചെയ്യാൻ അഡീഷണൽ സെഷൻസ് ജഡ്ജി പ്രശാന്ത് ശർമ്മ ഉത്തരവിട്ടു. നേരത്തെ, ഈ മാസം 12 ന് പ്രതികളെ 12 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരുന്നു.

✪✪✪

*News Editor & News Reader: സയ്യിദ് അലി ശിഹാബ്*
*NRTs : അബ്ദുൾ കബീർ, ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*